# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2852

13-07-2015- ൽ മറുപടിക്ക്

## അദാനിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ ക്വാട്ട് നൽകിയ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിലുള്ള ശ്രീ. കെ.വി. തോമസ് എം.പി യുടെ വീട്ടിൽ വെച്ച് സംസാരിക്കുകയുണ്ടായോ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു; ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ആഫീസുകളും സംവിധാനങ്ങളും നിലനിൽക്കെ ഒരു എം.പിയുടെ വീട്ടിൽ വച്ച് അദാനിയുമായി സംസാരിക്കേണ്ടിവന്നത് എന്തു സാഹചര്യത്തിലായിരുന്നു; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ യോഗ്യത നേടിയ കമ്പനികളിൽ ഒന്നായ അദാനി പോർട്ട്സിന്റെ ചെയർമാനായ ഗൗതം അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിലുള്ള ശ്രീ. കെ.വി. തോമസ് എം.പി യുടെ വീട്ടിൽ വെച്ച് സംസാരിക്കുകയുണ്ടായി. ബിഡ്ഡിൽ ആരും താല്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുന്നതിനു വേണ്ടി ബോർഡ് ചെയർമാൻ എന്ന നിലയിലാണ് കൂടിക്കാഴ്ച നടത്തിയത് |
| (ബി) എം.പിയുടെ വീട്ടിലെത്തിയ ഉദ്യോഗസ്ഥന്മാരും, അല്ലാത്തവരും ആരൊക്കെയായിരുന്നു; വീട്ടിലെത്തിയവരിൽ മുഖ്യമന്ത്രിയും അദാനിയും തമ്മിലുള്ള ചർച്ചയിൽ ആദ്യവസാനം പങ്കെടുത്തവർ ആരൊക്കെയായിരുന്നു; ചർച്ച ഔദ്യോഗിമോ | (ബി) മുഖ്യമന്ത്രിയോടൊപ്പം കൂടിക്കാഴ്ചയിൽ തുറമുഖ വകുപ്പ് മന്ത്രി, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖ വകുപ്പ്), റസിഡന്റ് കമ്മീഷണർ, ന്യൂഡൽഹി, മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്), പ്രോജക്ട് മാനേജർ, വിഴിഞ്ഞം ഇന്റർനാഷണൽ |

| | | | |
|---|---|---|---|
| | വ്യക്തിപരമോ ആയിരുന്നുവോ; ഔദ്യോഗികമായിരുന്നുവെങ്കിൽ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; | | സീപോർട്ട് ലിമിറ്റഡ് എന്നിവർ പങ്കെടുത്തിരുന്നു.<br>പ്രസ്തുത ചർച്ചയിൽ എല്ലാവരും ആദ്യാവസാനം പങ്കെടുത്തിരുന്നു. ടെണ്ടർ പ്രോസസ്സിന്റെ ഭാഗമായ പ്രീ ബിഡ് മീറ്റിംഗ് അല്ലാത്തതിനാൽ ഈ യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല. |
| (സി) | കൂടിക്കാഴ്ചയിൽ അദാനിയുമായി മുഖ്യമന്ത്രി എന്തെല്ലാം കാര്യങ്ങൾ സംസാരിക്കുകയും ധാരണയിലെത്തുകയും ചെയ്തു; വിശദമാക്കാമോ ? | (സി) | കൂടിക്കാഴ്ചയിൽ ടെണ്ടർ സംബന്ധമായി നൽകിയിട്ടുള്ള കരട് കൺസഷൻ കരാറിലെ വ്യവസ്ഥകളെപറ്റി സംസാരിക്കുകയോ എന്തെങ്കിലും ധാരണയിൽ എത്തുകയോ ചെയ്തിട്ടില്ല. ബിഡ്ഡിൽ പങ്കെടുക്കാൻ ആരും താല്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ചെയ്തത്. |

സെക്ഷൻ ഓഫീസർ